പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2534 | 18.06.2014 ൽ മറുപടിക്ക്.

കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
| (എ) ഇതര സംസ്ഥാന തൊഴിലാളികൾക്കായി ഏർപ്പെടുത്തിയ കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) കേരള സംസ്ഥാനത്തിനകത്ത് ജോലി ചെയ്തുവരുന്ന അന്യ സംസ്ഥാനത്തു നിന്നുമുള്ള കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമത്തിനായി 29-03-2010 ലെ ജി. ഒ (എം. എസ്) 46/2010/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതി പ്രാബല്യത്തിൽ വന്ന തീയതിയ്ക്ക് (29-03-2010 ) മുമ്പ് ഒരു മാസമോ അതിൽ കൂടുതൽ കാലമോ കുടിയേറ്റ തൊഴിലാളിയായി ജോലി ചെയ്തുവരുന്ന 18 വയസ്സ് പൂർത്തിയായതും, എന്നാൽ 60 വയസ്സ് പൂർത്തിയാകാത്തതുമായ ഓരോ കുടിയേറ്റ തൊഴിലാളിയും ഈ പദ്ധതിയിൽ 30/- രൂപ നൽകി തന്റെ പേര് രജിസ്റ്റർ ചെയ്ത് അംഗമാകേണ്ടതാണ്.<br><br>ടി പദ്ധതിയിൽ അംഗമാകുന്ന തൊഴിലാളികൾക്ക് മരണാന്തര ആനുകൂല്യം, ആശ്വാസ ധനസഹായം, ചികിത്സാ ധനസഹായം, ടെർമിനൽ |

| | | | |
|---|---|---|---|
| | | | ബെനിഫിറ്റ്, മരണപ്പെടുന്ന തൊഴിലാളികളുടെ ഭൗതിക ശരീരം നാട്ടിലെത്തിക്കാൻ ധനസഹായം, പ്രസവധനസഹായം, അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസഗ്രാന്റ് എന്നീ ആനുകൂല്യങ്ങളും നൽകുന്നു. |
| (ബി) | ഈ പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി എന്ന പേരിൽ പദ്ധതി 2010 - ൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. |
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ തൊഴിലാളികൾ സ്വമേധയാ ചേരുന്നതിനായി എല്ലാ ജില്ലകളിലെയും, ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാരും, ജില്ലാ ലേബർ ഓഫീസർമാരും ലേബർ ക്യാമ്പുകളിൽ എത്തി ബോധവത്ക്കരണ ക്ലാസ്സുകൾ നൽകിയിട്ടും തൊഴിലാളികൾ രജിസ്ട്രേഷന് തയ്യാറാകാത്ത സാഹചര്യമാണ് നിലവിലുള്ളത്. |
| (ഡി) | കുടിയേറ്റ തൊഴിലാളികളുടെ സംസ്ഥാനം തിരിച്ചുള്ള കണക്ക് എടുത്തിട്ടുണ്ടോ; വിശദമാക്കുമോ; ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയുടെ കീഴിൽ 42353 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംസ്ഥാനം തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ആഫീസർ.